ഹയർ സെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം

121(1198) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചതെന്നും ഇതിൽ എത്ര കോടി രൂപ കെട്ടിടങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും ഇവയ്ക്കുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം 6100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5000 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി നീക്കിവച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ താഴെ പറയുന്ന ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്.

(1) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉപ്പിലിക്കൈ

(2) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ബല്ല

(3) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മടിക്കൈ

(4) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടോടി

(5) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കമ്പല്ലൂർ

(6) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഷിറിയ

മേൽപ്പറഞ്ഞ സ്കൂളുകളിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉപ്പിലിക്കൈ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കമ്പല്ലൂർ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഷിറിയ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly